## പതിനാലാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2375 19.07.2016-ൽ മറുപടിയ്ക്ക്

## കൊയിലാണ്ടി മണ്ഡലത്തിൽ തദ്ദേശഭരണ വകുപ്പുമായി ബന്ധപ്പെട്ട ആസ്തി വികസന പദ്ധതികൾ

| ചോദ്യം<br>ശ്രീ. കെ.ദാസൻ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി കൊയിലാണ്ടി മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് കോഴിക്കോട് എൽ.എസ്.ജി.ഡി ഇ.ഇ-യുടെ ഓഫീസ് മുഖേന നടപടി പുരോഗമിച്ചു വരുന്നത്; ഓരോ പദ്ധതിയുടെയും വിശദാംശം ലഭ്യമാക്കാമോ; | (എ) | അനുബന്ധം (എ) ആയി ചേർക്കുന്നു. |
| (ബി) | ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഏതെല്ലാമാണ് അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ സൊസൈറ്റിയെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായത്; ഓരോ പ്രവൃത്തിയുടെയും വിശദാംശം വ്യക്തമാക്കി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് സഹിതം വ്യക്തമാക്കാമോ ; | (ബി) | 1) ഭജനമഠം അവിക്കൽ തടിയൻ പറമ്പിൽ അക്ഷര മഹാവിഷ്ണു ക്ഷേത്രം റോഡ് - പയ്യോളി പഞ്ചായത്ത്.<br><br>2) ഇരിങ്ങൽ മൂരാട് പടിഞ്ഞാറെതുരുത്തി റോഡ് - പയ്യോളി പഞ്ചായത്ത്<br><br>3) കാഞ്ഞിലശ്ശേരി പുതുശ്ശേരിത്താഴെ റോഡ് - ചേമഞ്ചേരി<br><br>4) ചീനംപ്പള്ളി റോഡ് - കൊയിലാണ്ടി മുനിസിപ്പാലിറ്റി<br><br>5) മാനിയാടത്ത് പറമ്പ ചീരംപ്പള്ളി ചെറിയ മണങ്ങോട് റോഡ് - കൊയിലാണ്ടി മുനിസിപ്പാലിറ്റി<br>6) വീയ്യൂർ ലൈബ്രറി ഇ.എം.എസ് മെമ്മോറിയൽ ഹാൾ ആന്റ് ഓഡിറ്റോറിയം - കൊയിലാണ്ടി മുനിസിപ്പാലിറ്റി |

| | | | |
|---|---|---|---|
| | | | 7) പെരുമാൾ പുരം റെയിൽവേ ലൈൻ റോഡ്, ഡ്രൈനേജ് - തിക്കോടി<br><br>8) പൊയിൽകാവ് ക്ഷേത്രം റെയിൽവേ സ്റ്റേഷൻ റോഡ് - ചെങ്ങോട്ടുകാവ്<br><br>9) ടെലഫോൺ എക്സ്ചേഞ്ച് മാണിക്കത്തിൽ റോഡ് - മൂടാടി<br><br>10) പരുവട്ടൂർ മുക്ക് നടേരി റോഡ് - കൊയിലാണ്ടി മുനിസിപാലിറ്റി<br><br>11) കണ്ണംക്കണ്ടി താഴെ റോഡ്-കൊയിലാണ്ടി മുനിസിപാലിറ്റി<br><br>12) കൂമൻതോട് ഡ്രൈയിനേജ്- കൊയിലാണ്ടി മുനിസിപാലിറ്റി<br><br>13) കാപ്പാട് ആനച്ചാം കണ്ടി താഴെ വികാസ് റോഡ് - ചേമഞ്ചേരി (ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം (ബി) ആയി ചേർക്കുന്നു (പേജ് 1 മുതൽ 14 വരെ) ) |
| (സി) | ഊരാളുങ്കൽ സൊസൈറ്റിയെ ചുമതലപ്പെടുത്തിക്കൊണ്ട് എ.എസ്. ആയ ചേമഞ്ചേരി പഞ്ചായത്തിലെ കാണിലശ്ശേരി-പുതുശ്ശേരിതാഴ റോഡ് കോഴിക്കോട് ഇ.ഇ-യുടെ ഓഫീസിൽ ടെണ്ടർ നോട്ടിഫിക്കേഷൻ നടത്തിയത് എന്ത് മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലാണ് എന്ന് വിശദമാക്കാമോ ; | (സി) | 03.03.2016 ലെ സ.ഉ(സാധാ) നം. 1085/2016/ തസ്വഭവ പ്രകാരം ഈ പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി ഊരാളുങ്കൽ സൊസൈറ്റിയ്ക്ക് നേരിട്ട് കൈമാറി. ആയതിൻ പ്രകാരം ടെണ്ടർ പ്രവൃത്തികൾ നിർത്തിവച്ച് ഊരാളുങ്കൽ സൊസൈറ്റിയ്ക്ക് സെലക്ഷൻ നോട്ടീസ് നൽകുകയും, കരാർ ഒപ്പിടുകയും ചെയ്തിട്ടുണ്ട്. (Agreement No.EE/LSGD/75/ 16-17 dated 04.07.16) |
| (ഡി) | ബന്ധപ്പെട്ട ഫയലിലെ നോട്ട് ഫയൽ, കറൻറ് ഫയൽ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | അനുബന്ധം (സി) ആയി ചേർക്കുന്നു. |
| (ഇ) | ഇതുവരെയും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയും എന്നത് വിശദമാക്കാമോ ? | (ഇ) | ഒരു മാസത്തിനകം പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധങ്ങൾ ലൈബ്രറിയിൽ ലഭ്യമാണ്